# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 07/03/14

( 05 Jamad'ul Awwal 1435 Hijiri)

Hazrat Khalifathullah Munir Ahmad Azim (A)

**ഇസ്‌ലാമിൽ അന്യാഭിപ്രായ വിരോധത്തിന് / മതഭ്രാന്തിന് സ്ഥാനമില്ല.**

ഇസ്‌ലാമിന്റെ ആരംഭം മുതൽതന്നെ, വർഗ്ഗ വിവേചനത്തെ ഇസ്‌ലാം ശക്തമായി അപലപിച്ചിട്ടുണ്ട്. രാഷ്ട്രങ്ങൾ തമ്മിലും ഗോത്രങ്ങൾ തമ്മിലുമുള്ള കൃത്യമമായി ഉണ്ടാക്കുന്ന ഈ തടസ്സങ്ങളെ നീക്കുന്നതിന് ഇസ്‌ലാം പരമാവധി ശ്രമിച്ചിട്ടുണ്ട്. മനുഷ്യചരിത്രത്തിലാദ്യമായി മനുഷ്യനെ അവനിലെ ഗുണത്തിന്റെ അടിസ്ഥാനത്തിൽ മഹത്വം നിർണ്ണയിക്കുന്ന, ഒരു പുതിയ അളവുകോൽ, വിശുദ്ധ ഖുർ ആനിലെ ഈ വിശുദ്ധ വചനങ്ങളിലൂടെ ലോകം ശ്രവിച്ചു.

**മനുഷ്യനുവേണ്ടി ഒരു പുതിയ നീതിശാസ്ത്രം രൂപം കൊള്ളുന്നു.**

**"മനുഷ്യരെ, തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു; നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനു വേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു."** 49:14

ആ പ്രസ്താവനയിലൂടെ എല്ലാ നിലവിലുള്ള കുലീനാധിപത്യങ്ങളുടെയും മരണമണി മുഴങ്ങുകയായിരുന്നു. അത് ജനനത്തായാലും ശരി, ജാതീയമായാലുംശരി, ധനാധിപത്യത്തിലായാലും ശരി. വെള്ളക്കാർക്കൊപ്പം അതേ പദവി കറുത്തവർഗ്ഗക്കാർക്കും ലഭ്യമായിരിക്കുന്നു. പെട്ടെന്നു, എന്നന്നേക്കുമായി, നിറത്തിന്റെ പേരിൽ, വെറുപ്പുള്ളവാക്കുന്നു പക്ഷപാതിത്വം, ലോകത്തുനിന്നും തിരസ്ക്കരിക്കപ്പെടുന്നു.

ഇന്നും, കാലം എത്ര കഴിഞ്ഞിട്ടും, ഇസ്‌ലാമിക രാജ്യങ്ങളിൽ ലിറ്റിൽ റോക്ക് (Little Rock) പോലുള്ള സംഭവങ്ങൾ കേൾക്കാനേയില്ല. സൗത്താഫ്രിക്കയിലുമ മറ്റും സംഭവിച്ചുകൊണ്ടിരുന്നതുപോലുള്ള വർണ്ണ വിവേചന നിയമം, പശ്ചിമേഷ്യയിലോ, വിദൂര പൗരസ്ത്യ ദേശങ്ങളിലോ ഉണ്ടായിട്ടില്ല.

**പ്രവാചക (സ) ന്റെ വിടവാങ്ങൽ പ്രസംഗത്തിൽ നിന്ന്**

**"അറബിക്ക് അനറബിയേക്കാളോ, അനറബിക്ക് അറബിയെക്കാളോ ശ്രേഷ്ഠത ഇല്ല. നിങ്ങളെല്ലാ പേരും ആദമിന്റെ സന്തതികളാണ്, ആദം സൃഷ്ടിക്കപ്പെട്ടത് മണ്ണിൽ നിന്നും"**

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ന്റെ മിനാ താഴ്‌വരയിൽ വെച്ച് നടത്തിയ വിടവാങ്ങൽ പ്രസംഗത്തിന്റെ പ്രസക്തഭാഗമാണ് മുകളിൽ കാണുന്നത്. അതിന്റെ ഫലം എന്തായിരുന്നു ?

**പുതിയ സാമൂഹ്യ വ്യവസ്ഥ നിലവിൽ വരുന്നു.**

മുകളിൽ പ്രസ്താവിച്ച പരിപാവനമായ പ്രഖ്യാപനത്തിലൂടെ അറബികളുടെ സാമൂഹ്യ അപ്രമാദിത്വത്തിന് തിരശ്ശീല വീണു. അറബികളും, അറബികളല്ലാത്തവരും, തമ്മിലുള്ള വ്യത്യാസം ഇല്ലാതായി. ജൂതന്മാരും വിഗ്രഹാരാധകരും തമ്മിൽ നിലനിന്ന വ്യത്യാസം ഇല്ലാതായി. ഗ്രീക്കുകാരും ബാർബേറിയൻസും തമ്മിലുള്ള

അന്തരം അവസാനിച്ചു. ഉന്നത കുലജാതരും താണവർഗ്ഗക്കാരും തമ്മിലുള്ള അകൽച്ച അവസാനിച്ചു. പൂർവ്വ കാലങ്ങളിലൂടെ നിലനിർത്തിവന്ന എല്ലാ വിധ ഉച്ച നീചത്വങ്ങളും തുടച്ചുനീക്കി. നിരാലംബരുടെയും, ആലം ബഹീനരുടെയും സമ്പന്നരുടെ പടിവാതിലുള്ള ഭിക്ഷാടനം അവസാനിപ്പിച്ചു. പണക്കാരിൽ നിന്നും അർഹ തപ്പെട്ട പണം സമാഹരിക്കുവാൻ മതം അവർക്ക് അനുവാദം കൊടുത്തു. ആ പണം ജനക്ഷേമത്തിനും രാഷ്ട്ര പുനഃർ നിർമ്മാണത്തിനുമായി ചെലവൊഴിക്കുവാൻ അവസരം വന്നു. സ്ത്രീ ഉപഭോഗ വസ്തു എന്ന തിന്നപ്പുറം അവൾ പുരുഷനെപോലെ സ്വതന്ത്രയാണെന്നു പ്രഖ്യാപിച്ചു.

**<u>അടിമത്വം ഇല്ലായ്മചെയ്യുന്നു; വംശീയവും സാമൂഹ്യവുമായ സമത്വം നിലവിൽ വരുന്നു.</u>**

അടിമകൾക്ക് സ്വാതന്ത്ര്യം നല്കുന്നത് പ്രേരിപ്പിക്കുന്നു. ബാലിശമായ ഒഴികഴിവ് പറഞ്ഞ് അടിമ കളെ നിലനിർത്തുന്നത് ഇല്ലായ്മ ചെയ്യുന്നു. ഇത് സമ്പൂർണ്ണ അടിമത്വം ഇല്ലായ്മ ചെയ്യുന്നതിലേക്ക് നയി ക്കുന്നു. ഇസ്ലാമിൽ താണജാതി വ്യവസ്ഥയില്ല. എല്ലാവരും തുല്യരാണ്. ഒരു പുതിയ ലോകം വീണ്ടും സൃഷ്ടിക്കുവാൻ ശ്രമിച്ചിരുന്നുവെങ്കിൽ, ശാശ്വത സമാധാനം സ്ഥാപിക്കുവാൻ കഴിയുമായിരുന്നു. അപ്പോൾ അവിടെ ദുരാഗ്രഹത്തിന്റെയും, നിറമഹത്വാന്ധതയുടെയും, വംശീയ മേധാവിത്വത്തിന്റെയും കടപുഴുതു വീണി ട്ടുണ്ടാകും. ഈ പുതിയ ലോകക്രമം എത്ര എളുപ്പത്തിൽ നിലവിൽ വരുന്നുവോ, അപ്പോൾ, ഇസ്ലാമിന്റെ ധാർമ്മിക വ്യവസ്ഥ ലോകം അംഗീകരിക്കുകയും അവ ദേശീയവും അന്തർദേശീയവുമായ രംഗങ്ങളിൽ പ്രവർത്തി രൂപേണ പ്രതിഫലിക്കുകയും ചെയ്യും.

സമ്പന്നരും, സമ്പന്നരല്ലാത്തവരും തമ്മിലുള്ള വ്യത്യാസം കുറയ്ക്കുന്നതിന് / ഇല്ലായ്മ ചെയ്യുന്നതിന്, സാമൂഹ്യ സമ്മർദ്ദത്താൽ, പുതിയ നിയമനടപടികൾ ഉൾപ്പടെയുള്ള കാര്യങ്ങൾ ചെയ്യുവാൻ ഭരണകൂടങ്ങൾ നിർബന്ധിതരായി തീരുന്നുണ്ട്. കാരണം പലരാജ്യങ്ങളുടെയും മിതവ്യയവ്യവസ്ഥ സ്ഥിരമായി നിലനിർത്തു വാൻ കഴിയുന്നില്ലാ എന്ന് നിസ്സംശയം പറയുവാൻ കഴിയും. ചില രാജ്യങ്ങളിൽ കമ്യൂണിസ്റ്റ് മിതവ്യയത്വം നില നിൽക്കുന്നുണ്ട്. മറ്റു രാജ്യങ്ങളിൽ സോഷ്യലിസ്റ്റ് മിത വ്യയത്വവും സ്വീകരിച്ചിരിക്കുന്നതു കാണാം.

**<u>ഇസ്ലാമിന്റെ അധ്യാപനങ്ങൾ</u>**

**<u>എല്ലാവർക്കും തുല്യാവകാശങ്ങൾ വേണമെന്ന് വാദിക്കുന്ന സാമൂഹ്യ ക്രമം :-</u>**

പരീക്ഷണങ്ങൾ തുടരുന്നു. ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അവരുടെ ക്ഷേമ ത്തിനുമായി പല പരീക്ഷണങ്ങളും നടത്തുന്നുണ്ട് / അംഗീകരിക്കുന്നുണ്ട്. ഇതെല്ലാം നല്ലതു തന്നെ. എന്നാൽ ഇസ്ലാം, അതിന്റെ ആവിർഭാവം മുതൽ, സാമൂഹ്യ മിതവ്യയ വ്യവസ്ഥയുടെ അസമത്വങ്ങൾ ഇല്ലായ്മ ചെയ്യുവാൻ, അതിന്റേതായ നിയമ സ്ഥാപനങ്ങളിലൂടെ ശ്രമിച്ചിട്ടുണ്ട്.

(1) സക്കാത്ത് (2) സദഖ (3) അനന്തരാവകാശ നിയമങ്ങൾ ( ഇതുമൂലം സ്വത്തുക്കൾ ഒരു ന്യൂനപക്ഷ ത്തിന്റെ കൈകളിൽ കുന്നു കൂടാതിരിക്കുന്നതാണ്) (4) വ്യവസ്ഥാപിതമായ രീതിയിൽ പലിശ നിരോധിക്കൽ (5) വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ സ്ഥാപനവും, നിലനിർത്തലും പ്രോത്സാഹിപ്പിക്കുക.

ഒരു രാജ്യത്തിന്റെ മിത വ്യയത്തിന്റെ താളം കാത്തു രക്ഷിക്കുവാൻ, ചില ഇസ്ലാമിക അധ്യാപന ങ്ങൾ നടപ്പിൽ വരുത്തിയേ സാധിക്കുകയുള്ളൂ എന്ന് നമുക്ക് ബോധ്യമാവും. തീർച്ചയായും നമ്മുടെ വർത്ത മാനകാലജീവിതം വളരെ സങ്കീർണ്ണമായി തീർന്നിരിക്കുകയാണ്. വളരെ ദുഃർഘടമായ സാഹചര്യങ്ങളെയാണ് അഭിമുഖീകരിക്കേണ്ടി വരുന്നത്. ദേശീയ മിതവ്യയത്വം ക്രമീകരിക്കുന്നതിന് അടിസ്ഥാനപരമായ തത്വങ്ങൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. തത്വങ്ങൾ സുതാര്യതയുള്ളതായിരിക്കണം, എല്ലാ ആവശ്യങ്ങളും നിറവേ

റ്റപ്പെടേണ്ടതായിരിക്കണം. തത്വങ്ങൾ ബലികഴിക്കാതെ മാറുന്ന ലോകത്തിന് പര്യാപ്തമായ നിലയിൽ നടപ്പിലാക്കേണ്ടതുണ്ട്.

**അന്യാഭിപ്രായ വിരോധത്തിന് ഇസ്‌ലാമിൽ സ്ഥാനമില്ല.**

ഇസ്‌ലാമിൽ മത പീഢനങ്ങൾക്ക് സ്ഥാനമില്ല. മതയുദ്ധങ്ങളും, വംശീയ പോരാട്ടങ്ങളും ഹീനമായ അനേകം കുറ്റങ്ങൾ ചെയ്യാൻ കാരണമായിതീരുന്നു. കൊള്ള, വ്യഭിചാരം, മോഷണം, അഗ്നിക്കിരയാക്കൽ, രക്ത്ച്ചൊരിച്ചിൽ തുടങ്ങിയ നീച പ്രവർത്തനങ്ങൾക്ക് വഴി മരുന്നിടത് ഈ നീച പോരാട്ടങ്ങളാണ്. നമ്മുടേതുൾപ്പടെ ലോക രാഷ്ട്ര ചരിത്രത്താളുകളിൽ, കറുത്ത അധ്യായങ്ങൾ തീർത്തത് മനുഷ്യന്റെ ഈ ദുഷ്ചെയ്തികളാണ്.

ദുരഭിമാനം, ഞാനും എന്റെ അഭിപ്രായങ്ങളും മാത്രം എന്ന ചിന്ത, മത തീവ്രവാദം, അസഹിഷ്ണുത, അക്ഷമ ഈ തിന്മകൾ മനുഷ്യനിൽ നിന്നും അകറ്റുക എന്നത് ദുഷ്ക്കരമാണ്, ഇവകളാണ് ഈ പോരാട്ടങ്ങൾക്കെല്ലാം കാരണം.

**ഇസ്‌ലാം മിലിട്ടറി മതമല്ല**

ശത്രുക്കൾ ആരോപിക്കുന്നതുപോലെ, ഇസ്‌ലാം പടയാളികളുടെ മതമല്ല. മാപ്പു ചോദിക്കുവാനുള്ള സമയവുമില്ല. ഇസ്‌ലാമിന്റെ മേൽചുമത്തിയ ആരോപണങ്ങൾ തെറ്റാണെന്നും അനീതിയാണെന്നും തെളിയിച്ചിട്ടുണ്ട്. ഇസ്‌ലാം ഒരിക്കലും മത പീഢനങ്ങൾ നടത്തിയിട്ടില്ല. നിർബന്ധിത മതപരിവർത്തനങ്ങൾ നടത്തിയിട്ടില്ല. ഇതു സംബന്ധമായി കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർ, വിശുദ്ധഖുർ ആനിലെ ഈ രണ്ടു പ്രധാന വചനങ്ങൾ ശ്രദ്ധിക്കുക. മറ്റു മതങ്ങളോട് ഇസ്‌ലാമിന് തുറന്ന മനസ്സാണുള്ളത് എന്ന് ഈ വചനങ്ങൾ വ്യക്തമാക്കുന്നു.

**ഇതര മതങ്ങളോടുള്ള ഇസ്‌ലാമിന്റെ സമീപനം.**

ഇതാ ഒന്നാമത്തെ വചനം. **“അല്ലാഹുവിനു പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ ശത്രുത നിമിത്തം അവർ അറിവില്ലാതെ അല്ലാഹുവിനെ ശകാരിച്ചേക്കും”**

ബഹുദൈവവിശ്വാസികളോടുപോലും, ഒരു മുസ്‌ലിം, സഹിഷ്ണുതയോടെ മാത്രമെ പെരുമാറാവൂ എന്ന് വിശുദ്ധ ഖുർ ആൻ ഖണ്ഡിതമായിപറയുന്നു. ഇസ്‌ലാമിന്റെ വിശ്വാസത്തിന് നേരെ എതിരാണ് ബഹുദൈവ വിശ്വാസം എന്നിരുന്നാൽ പോലും. ഈ കല്പനയുടെ യുക്തി ഇതാണ്. പരസ്പരം കുറ്റപ്പെടുത്തൽ അവസാനം പോരാട്ടത്തിലും രക്തം ചിന്തലിലും ആയിരിക്കും കലാശിക്കുന്നത്.

**സന്യാസിമഠങ്ങൾ, ക്രിസ്തീയ ദേവാലയങ്ങൾ, ജൂതപ്പള്ളികൾ, മുസ്‌ലിംപള്ളികൾ ഇവ സംരക്ഷിക്കേണ്ടത് മുസ്‌ലിമിന്റെ ബാധ്യതയെന്ന് വിശുദ്ധ ഖുർആൻ**

രണ്ടാമത്തെ വചനം ക്ഷേത്രങ്ങളെയും ദൈവാരാധന നടത്തുന്ന മറ്റാരാധനാലയങ്ങളേയും നശിപ്പിക്കുകയോ മലിനമാക്കുകയോ ചെയ്യാൻ പാടില്ല എന്നതാണ്. അല്ലാഹു (ത) പറയുന്നു. **“മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്നുള്ള അക്രമത്തിൽ നിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നല്കിയില്ലായിരുന്നുവെങ്കിൽ സന്യാസിമഠങ്ങളും, ക്രിസ്ത്രീയ ദേവാലയങ്ങളും, ജൂതപ്പള്ളികളും, മുസ്‌ലിം പള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ വെച്ച് അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്നു.”** (22:41)

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം, തങ്ങൾക്കു നേരിടേണ്ടിവന്ന മത പീഢനങ്ങൾ അവസാനിപ്പി

ക്കുന്നതിനും, മുസ്ലീം പള്ളികൾ സംരക്ഷിക്കുന്നതിനും വേണ്ടി മാത്രമല്ല മുസ്ലീംകൾ തങ്ങളുടെ ജീവിതം ത്യാഗം ചെയ്യേണ്ടത്, മറിച്ച് ക്രിസ്ത്രീയ ദേവാലയങ്ങളും, ജൂതപ്പള്ളികളും, സന്യാസി മഠങ്ങളും, സംരക്ഷിക്കുവാനും തങ്ങളുടെ ജീവിതം ത്യാഗം ചെയ്യേണ്ടതാണ്. അങ്ങനെ പരിപൂർണ്ണമായ മത സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കുവാൻ, ഓരോ മുസ്ലിമും പ്രതിജ്ഞാബദ്ധമാണ്. മുസ്ലിം പള്ളികളിൽ അല്ലാഹുവിന്റെ നാമം വളരെക്കൂടുതൽ സ്മരിക്കപ്പെടുന്നുണ്ടെങ്കിലും, അവയുടെ സംരക്ഷണം, സന്യാസി മഠങ്ങൾക്കും, ക്രിസ്ത്രീയ ദേവാലയങ്ങൾക്കും, ജൂതപ്പള്ളികൾക്കും ശേഷമാണ് പറയപ്പെട്ടിട്ടുള്ളത്. മറ്റു മതങ്ങളോടു ഇസ്ലാം കാണിക്കുന്ന മത സഹിഷ്ണുത എത്ര മഹത്തരമാണെന്നു മനസ്സിലാക്കുക. എന്നാൽ വിശുദ്ധ ഖുർ ആനില ല്ലാതെ മറ്റു മത ഗ്രന്ഥങ്ങളിൽ ഇപ്രകാരം ഉള്ളതായി നമുക്കറിയില്ല.

ഞാനിത് ഇവിടെ ഇന്ന് അവസാനിപ്പിക്കുന്നു, അടുത്ത വെള്ളിയാഴ്ച ഇതേ വിഷയം തുടരുവാനു ള്ള തൗഫീഖ് അല്ലാഹു (ത) നല്കട്ടെ. കാരണം സെൻട്രൽ ആഫ്രിക്കയിലും മറ്റിതര നാടുകളിലും മുസ്ലീംകൾ പീഢിപ്പിക്കപ്പെടുന്നത് വളരെ വേദനാജനകമാണ്. അവരുടെ ഇസ്ലാം സംരക്ഷിക്കപ്പെടുവാൻ അവർക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. അവരുടെ ജീവനും സമ്പത്തും അന്തസ്സും അപകടത്തിലാണ്. നിരപരാധിക ളായ അനേകം ആളുകൾ വധിക്കപ്പെടുന്നു. ഈ മഹത്തായ മതത്തിന്റെ, ഇസ്ലാമിന്റെ, മഹത്വവും, വിലയും മനസ്സിലാക്കുവാനും അംഗീകരിക്കുവാനും, ഭൂവാസികളായ എല്ലാ ഓരോരുത്തർക്കും അല്ലാഹു അവസരം നല്കട്ടെ! ഇൻശാ അല്ലാഹ് - ആമീൻ.

Translated & Issued By
***R. Jamaludin Raother***
***Amir***

*Jamaat-Ul-Sahih-Al-Islam, Kerala*
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*
*email : muhyiuddin@jamaat-ul-sahih-al-islam.com*